# പാപബോധം

## 1 യോഹന്നാൻ 1:9

**"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."**

കഴിഞ്ഞകാല പരാജയങ്ങളെപ്പറ്റിയുള്ള ഒരു ഖേദചിന്ത കടന്നുവരുക എന്നത് മനുഷ്യനിൽ സാധാരണമാണല്ലോ. എന്നാൽ അങ്ങനെയുള്ള ചിന്ത നിഷ്ഫലവവും അത് ആത്മ വീര്യത്തെ കെടുത്തുകയും ചെയ്യുന്ന ഒന്നാകുന്നു. ദൈവമക്കളെ സംബന്ധിച്ച് ഒരു കുറ്റ ബോധത്തിന്, ഖേദചിന്തയ്ക്ക് ആവശ്യവുമില്ലെന്ന് ഉറപ്പിക്കുന്നതായ ഒരു വാക്യമാണ് ഇത്.

കഴിഞ്ഞകാല പാപങ്ങളെ കഴുകി ശുദ്ധീകരിച്ച് നീതിമാന്മാരാക്കി ദൈവസന്നിധിയിൽ അവൻ നമ്മെ നിർത്തിയിരിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദാനമായി ഹൃദയങ്ങളിൽ പകർന്നും തന്നിരിക്കുന്നു. അങ്ങനെയെങ്കിൽ പരിശുദ്ധാത്മാവ് നമുക്ക് 'കുറ്റബോധം' അല്ല, 'പാപബോധ'മാണു പകർന്നു തരുന്നത്. ദൈവഹിതത്തിൽ നിന്ന് മാറിപ്പോയെന്ന് ആത്മാവ് തോന്നിപ്പിക്കുന്ന നിമിഷംതന്നെ യഥാസ്ഥാനപ്പെടുക എന്നതാകുന്നു പ്രധാനം. സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിച്ച നീതിമാനും, വിശ്വസ്തനുമായ കർത്താവ് വീണ്ടും, വീണ്ടും അതേ പാപപങ്കിലമായ അവസ്ഥയിലേക്ക് വഴുതിവീഴാതെ നമുക്ക് പാപബോധത്തെ പകർന്നു തരും.

ഭൂതകാല പാപങ്ങളുടെമേൽ പാപക്ഷമ ഏറ്റെടുത്ത ഒരു ദൈവപൈതൽ വീണ്ടും വീണ്ടും സംശയമനോഭാവത്തോടെ കുറ്റബോധത്താൽ ജീവിക്കേണ്ട ഒരുവനല്ല. ആഴിയുടെ ആഴങ്ങളിലേക്ക് എറിഞ്ഞുകളഞ്ഞതായ പാപങ്ങൾ വീണ്ടും കർത്താവ് എണ്ണുകയില്ല. അത് മനഷ്യന്റെ സ്വഭാവമാകുന്നു. ദാവീദ് ബേത്ത്ശേബയോടു ചെയ്ത പാപം നമുക്കറിയാം. തെറ്റിപ്പോയെന്ന ബോധ്യം വന്നപ്പോൾ, ശേഷിച്ച കാലം കുറ്റബോധത്തിൽ കഴിയാതെ പശ്ചാത്താപത്തോടും, ഹൃദയതകർച്ചയോടും കൂടെ ദൈവത്തിങ്കലേക്ക് അവൻ തിരിച്ചു വന്നു. പാപക്ഷമ സ്വീകരിച്ച ദാവീദ് പിൽക്കാലത്ത് ദൈവമഹത്വത്തിനായി ജീവിച്ചു.

പിശാച് ഹൃദയത്തിൽ പാകുന്നതാണ് കുറ്റബോധം. അത് പരാജയത്തോടു പരാജയങ്ങളെ കൂട്ടുവാൻ മാത്രമേ ഇടയാക്കുകയുള്ളൂ. കഴിഞ്ഞ കാലങ്ങളിൽ നഷ്ടപ്പെട്ട സംവത്സരങ്ങളെ തിരികെ തരാൻ കർത്താവിന് കഴിയും. ഒന്നുമാത്രം, തെറ്റിപ്പോയെന്ന് തിരിച്ചറിഞ്ഞ് യഥാസ്ഥാനപ്പെടുക. അതിന്, ദൈവകൃപയ്ക്കായി യാചിക്കാം.

കർത്താവിന്റെ സ്കൂളിലെ വിദ്യാർത്ഥികളായ ദൈവപൈതങ്ങൾക്ക്, അവൻ ഉപദേശിച്ചു തരുന്നതിനെ സ്വീകരിച്ച് ഏറ്റെടുക്കാൻ കഴിയട്ടെ. ഒരു കുഞ്ഞ് അനേക വീഴ്ചകളിലൂടെയാണ് നടക്കാൻ പഠിക്കുന്നത്, അതുപോലെ ദൈവഹിതത്തിൽ നടക്കുവാൻ ശീലിക്കുമ്പോൾ വീഴ്ചകൾ വന്നേക്കാം. എന്നാൽ അതിന്റെ ഖേദചിന്തയാൽ ജീവിതം നഷ്ടപ്പെടുത്താനല്ല കർത്താവ് ആഗ്രഹിക്കുന്നത്. വിശ്വസ്തനും നീതിമാനുമായ കർത്താവിന്റെ സാന്നിദ്ധ്യം ഏറ്റവും അടുത്ത നിമിഷം തിരിച്ചറിഞ്ഞ്, ആത്മബലം പ്രാപിച്ച് ദാവീദിനെപ്പോലെ ദൈവസേവനത്തിനും, ദൈവഹിതത്തിനും തികച്ചും യോഗ്യരാക്കി തീർക്കാൻ ഓരോരുത്തരേയും ഇടയാക്കട്ടെ.

**പരാമർശം :**

**അപ്പോസ്തല പ്രവൃത്തി 10:43**

അവനിൽ വിശ്വസിക്കുന്ന ഏവന്നും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 038**